ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 10.09.2025** **TIME : 07.25 PM**

## പ്രധാന

1.പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉത്തർപ്രദേശും ഉത്തരാഖണ്ഡും സന്ദർശിക്കും, വാരണസിയിൽ മൗറീഷ്യസ് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തും.

**Prime Minister Narendra Modi to visit Uttar Pradesh and Uttarakhand tomorrow, PM will meet Mauritius PM in Varanasi**

2.നേപ്പാൾ സംഘർഷ പശ്ചാത്തലത്തിൽ ഇന്ത്യ-നേപ്പാൾ അതിർത്തി മേഖലകളിൽ സുരക്ഷ വർധിപ്പിച്ചു; മലയാളികളെ തിരികെയെത്തിക്കാൻ കേന്ദ്ര വിദേശകാര്യ മന്ത്രിക്ക് കത്തയച്ച് മുഖ്യമന്ത്രി പിണറായി വിജയൻ.

**Security Tightened Along Indo-Nepal Border in Bihar Amid Nepal Clashes; CM Pinarayi Vijayan writes to Union External Affairs Minister to bring back Malayalis**

3. ബിഹാർ, ഝാർഖണ്ഡ്, പശ്ചിമ ബംഗാൾ സംസ്ഥാനങ്ങളിലെ അഞ്ച് ജില്ലകളെ ഉൾക്കൊള്ളുന്ന റെയിൽ പാത വികസനത്തിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം.

**Union Cabinet approves development of railway line covering five districts in Bihar, Jharkhand and West Bengal**

4. രാജ്യത്തെ 8 ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകളുമായുള്ള സഹകരണത്തിന് തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ധാരണാപത്രം ഒപ്പുവെച്ചു.

**Thiruvananthapuram Sri Chitra Institute signs MoU with 8 national institutes for collaboration**

5. ജിഎസ്ടി നിരക്കുകളിലെ കുറവ് അനുസരിച്ച് പരമാവധി വില്പന വിലയിലുണ്ടാകുന്ന മാറ്റം സ്റ്റോക്കുകളിൽ പ്രദർശിപ്പിക്കണമെന്ന് ഉപഭോക്തൃ കാര്യ മന്ത്രാലയം.

**The Ministry of Consumer Affairs permits manufacturers, packers to declare revised Maximum Retail Price on unsold stock until December 31st, following the recent change in GST rates.**

6. ഏഷ്യാ കപ്പ് ടൺ്റി -20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് യുഎഇയെ നേരിടും.

**India to face UAE in Asia Cup Twenty20 cricket match today**

☸☸☸☸☸☸☸☸☸☸☸☸☸

**PM-UP/UK VISIT**

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉത്തർപ്രദേശും ഉത്തരാഖണ്ഡും സന്ദർശിക്കും. മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലമിനെ ശ്രീ മോദി വാരണസിയിൽ സ്വീകരിക്കും. ആരോഗ്യം, വിദ്യാഭ്യാസം, ശാസ്ത്ര സാങ്കേതിക വിദ്യ, ഊർജ്ജം, അടിസ്ഥാന സൗകര്യങ്ങൾ, പുനരുപയോഗ ഊർജ്ജം, ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ, നീല സമ്പദ്‌വ്യവസ്ഥ തുടങ്ങിയ മേഖലകളിലെ സഹകരണം വികസിപ്പിക്കുന്നത് സംബന്ധിച്ച് ഇരു പ്രധാനമന്ത്രിമാരും ചർച്ച ചെയ്യും. വൈകുന്നേരം ഡെറാഡൂണിലേക്ക് പോകുന്ന

ശ്രീ നരേന്ദ്ര മോദി, ഉത്തരാഖണ്ഡിലെ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ വ്യോമ

നിരീക്ഷണം നടത്തും. ഉന്നതതല അവലോകന യോഗത്തിലും അദ്ദേഹം പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**MAURITIUS PM- MUMBAI VISIT**

മൗറീഷ്യസിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിൽ എല്ലായ്പ്പോഴും ഉറച്ച പിന്തുണ നൽകിയ വിശ്വസനീയ പങ്കാളിയാണ് ഇന്ത്യയെന്ന് മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലം. മൗറീഷ്യസ്-ഇന്ത്യ ബിസിനസ് കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മൗറീഷ്യസിന്റെ ഏറ്റവും മികച്ച വ്യാപാര പങ്കാളിയായ ഇന്ത്യ ഇറക്കുമതിയുടെ മൂന്നാമത്തെ സ്രോതസ്സാണെന്നും ശ്രീ രാംഗൂലം ചൂണ്ടിക്കാട്ടി. ഇന്ത്യാ-മൗറീഷ്യസ് വാണിജ്യ ബന്ധം വിശ്വാസം, സൗഹൃദം, പരസ്പര ബഹുമാനം എന്നിവയിൽ അധിഷ്ഠിതമാണെന്നും അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**CABINET BRIEFING (Intro)**

ബിഹാർ, ഝാർഖണ്ഡ്, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലെ ഭഗൽപൂർ - ദുംക - രാംപൂർഹട്ട് സിംഗിൾ റെയിൽവേ ലൈൻ ഇരട്ടിപ്പിക്കുന്നതിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന സാമ്പത്തിക കാര്യങ്ങൾക്കായുള്ള മന്ത്രിസഭാ സമിതി അംഗീകാരം നൽകി. പദ്ധതിയുടെ ആകെ ചെലവ് 3,169 കോടി രൂപയാണ്. മൂന്ന് സംസ്ഥാനങ്ങളിലെ അഞ്ച് ജില്ലകളെ ഉൾക്കൊള്ളുന്ന പദ്ധതി ഇന്ത്യൻ റെയിൽവേയുടെ നിലവിലുള്ള ശൃംഖല ഏകദേശം 177 കിലോമീറ്റർ വർദ്ധിപ്പിക്കും. ബിഹാറിലെ ബുക്സർ-ഭഗൽപൂർ ഹൈ-സ്പീഡ് കോറിഡോറിലെ നാല് വരി പാതാ വികസനത്തിനും മന്ത്രിസഭ അംഗീകാരം നൽകി. പദ്ധതികൾ ഇന്ത്യൻ റെയിൽവേയ്ക്ക് കാര്യക്ഷമതയും സേവന വിശ്വാസ്യതയും നൽകുമെന്ന് കേന്ദ്ര റയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

## MSME- PHONE PE

ഫോൺപേ പോലുള്ള സ്വകാര്യ ഫിൻടെക് കമ്പനികൾ ചെറുകിട കടയുടമകൾക്കും ഗ്രാമീണ വ്യാപാരികൾക്കും അവരുടെ ബിസിനസ്സ് വികസിപ്പിക്കാനുള്ള അവസരം നൽകുന്നുണ്ടെന്ന് കേന്ദ്ര മന്ത്രി ജിതൻ റാം മാഞ്ചി.

ഫോൺപേയുടെ സംരംഭമായ ഡിജിറ്റൽ-ഫസ്റ്റ് ഉദ്യം അസിസ്റ്റ് രജിസ്ട്രേഷന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. ഇത്തരം സംരംഭങ്ങളിലൂടെ, പൗരന്മാർക്ക് സ്വയം പര്യാപ്തരാകാൻ കഴിയുമെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു.

## JITENDRA SINGH - PENSION ADALAT

പെൻഷൻ പരാതികൾ കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ പൗരകേന്ദ്രീകൃത സമീപനം സ്വീകരിക്കണമെന്ന് കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ 14-ാമത് അഖിലേന്ത്യാ പെൻഷൻ അദാലത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം.

പെൻഷൻകാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുമുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട വകുപ്പുകൾക്കായിരിക്കണമെന്നും മന്ത്രി പറഞ്ഞു. വസ്തുതകളും രേഖകളും പരിശോധിക്കുന്നതിന് എ ഐ അധിഷ്ഠിത ഉപകരണങ്ങൾ ഉപയോഗിക്കണമെന്നും കേന്ദ്ര മന്ത്രി നിർദ്ദേശിച്ചു

## FASTRACK EMIGRATION

തിരുവനന്തപുരം വിമാനത്താവളത്തിൽ എമിഗ്രേഷൻ ക്ലിയറൻസ് പ്രക്രിയ വേഗത്തിലാക്കുന്ന ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ - ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാം കേന്ദ്ര മന്ത്രി അമിത് ഷാ നാളെ വെർച്വലായി ഉദ്ഘാടനം ചെയ്യും.

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് എമിഗ്രേഷനാണ് ഇത് നടപ്പിലാക്കുന്നത് . ഇതോടെ യാത്രക്കാർക്ക് എമിഗ്രേഷൻ ക്ലിയറൻസ് പ്രക്രിയ സുഗമമാകും.

## SREECHITRA MoU

രാജ്യത്തെ 8 പ്രമുഖ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകളുമായുള്ള ഔദ്യോഗിക സഹകരണത്തിന് തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസിൽ തുടക്കമായി. പഠന, ഗവേഷണ മേഖലകളിൽ പരസ്പര സഹകരണം ശക്തിപ്പെടുത്തുന്നതിന് രാജീവ് ഗാന്ധി സെൻ്റർ ഫോർ ബയോടെക്നോളജി, ഐസർ, സിടിസിആർഐ, തുടങ്ങിയ സ്ഥാപനങ്ങളുമായാണ് ധാരണാ പത്രം ഒപ്പിട്ടത്.

## KATMANDU PROHIBITORY ORDER

യുവജന പ്രക്ഷോഭം ശക്തമായ നേപ്പാളിൽ ഏർപ്പെടുത്തിയ കർഫ്യൂ നാളെ രാവിലെ ആറ് മണി വരെ നീട്ടി. പ്രതിഷേധത്തിനിടെ തീവയ്പ്പ്, കൊള്ള, ആക്രമണ ശ്രമങ്ങൾ എന്നിവ തുടർന്നതിനാൽ ഈ നീക്കം അനിവാര്യമാണെന്ന് സൈന്യം അറിയിച്ചു.

സ്ഥിതിഗതികൾ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ അറിയിപ്പ് നൽകും. എന്നിരുന്നാലും, അവശ്യ സേവനങ്ങൾക്കുള്ള
വാഹനങ്ങൾ പതിവുപോലെ കടത്തി വിടും. അതേസമയം കാഠ്മണ്ഡു താഴ്‌വരയിൽ സ്ഥിതി മുൻ ദിവസത്തെ അപേക്ഷിച്ച് ശാന്തമാണെന്ന് സൈന്യം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**NEPAL- Kerala CM letter**

നേപ്പാളിലെ
പൊഖാറയിൽ കുടുങ്ങിക്കിടക്കുന്ന കേരളത്തിൽ നിന്നുള്ള വിനോദസഞ്ചാരികളെ സുരക്ഷിതമായി എത്തിക്കാൻ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കറിന് കത്തയച്ചു . കേരള സർക്കാർ പൂർണ്ണ സഹകരണം ഉറപ്പ് നൽകുന്നതായും കേന്ദ്രമന്ത്രിയെ അറിയിച്ചെന്ന് മുഖ്യമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## NEPAL BOARDER SECURITY+ MEA (INTRO)

സംഘർഷ സാഹചര്യം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ
നേപ്പാളിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് ഇന്ത്യൻ പൗരന്മാർക്ക് വിദേശകാര്യമന്ത്രാലയം മുന്നറിയിപ്പ് നൽകി. ഇന്ത്യ-നേപ്പാൾ അതിർത്തിയിൽ സുരക്ഷയും ശക്തമാക്കിയിട്ടുണ്ട്.

വിശദാംശങ്ങളിലേക്ക്........

(ഹോൾഡ്-വോയ്സ്)

❋❋❋❋❋❋❋❋❋❋❋❋❋

## NEPAL BOARDER SECURITY+ MEA (VOICE)

നേപ്പാളുമായി അതിർത്തി പങ്കിടുന്ന ഉത്തരാഖണ്ഡ്, ബിഹാർ സംസ്ഥാനങ്ങളിലെ പ്രദേശങ്ങളിൽ സുരക്ഷ വർദ്ധിപ്പിച്ചു. അതിർത്തി പ്രദേശങ്ങളിൽ, SSB -യും പോലീസും സംയുക്തമായി പരിശോധനയും, പട്രോളിംഗും നടത്തിവരുന്നു. വ്യാപാര ചെക്ക്പോസ്റ്റുകളിലും പ്രവേശന

കേന്ദ്രങ്ങളിലും പ്രത്യേക ജാഗ്രത പുലർത്തുന്നു. ജനങ്ങളുടെ നീക്കങ്ങളും സുരക്ഷാ സേന നിരീക്ഷിക്കുന്നുണ്ട്. അതേസമയം നേപ്പാളിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് ഇന്ത്യൻ പൗരന്മാർക്ക് വിദേശകാര്യമന്ത്രാലയം മുന്നറിയിപ്പ് നൽകി. സ്ഥിതിഗതികൾ ശാന്തമാകുന്നതുവരെ നേപ്പാളിലെ ഇന്ത്യൻ പൗരന്മാർ നിലവിലെ താമസ സ്ഥലങ്ങളിൽ തുടരണമെന്നും തെരുവുകളിൽ ഇറങ്ങുന്നത് ഒഴിവാക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. വാട്ട്സ്ആപ്പ് കോളുകൾക്കായി +977 - 980 860 2881, +977 - 981 032 6134 എന്നീ ഹെൽപ്പ്ലൈൻ നമ്പറുകളിലൂടെ എംബസിയുമായി ബന്ധപ്പെടാനാകും. പൗരന്മാർക്ക് helpdesk.eoiktm@gmail.com എന്ന ഇമെയിൽ വിലാസത്തിലൂടെയും എംബസിയുടെ സഹായം തേടാം.

ന്യൂസ്ഡെസ്ക്, ആകാശവാണി......

NEPAL BOARDER SECURITY+ MEA (VOICE)

-നേപ്പാളുമായി അതിർത്തി പങ്കിടുന്ന ഉത്തരാഖണ്ഡ്, ബിഹാർ സംസ്ഥാനങ്ങളിലെ പ്രദേശങ്ങളിൽ സുരക്ഷ വർദ്ധിപ്പിച്ചു. അതിർത്തി പ്രദേശങ്ങളിൽ, SSB -യും പോലീസും സംയുക്തമായി പരിശോധനയും, പട്രോളിംഗും നടത്തിവരുന്നു. വ്യാപാര ചെക്ക്പോസ്റ്റുകളിലും പ്രവേശന കേന്ദ്രങ്ങളിലും പ്രത്യേക ജാഗ്രത പുലർത്തുന്നു. ജനങ്ങളുടെ നീക്കങ്ങളും സുരക്ഷാ സേന നിരീക്ഷിക്കുന്നുണ്ട്. അതേസമയം നേപ്പാളിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് ഇന്ത്യൻ പൗരന്മാർക്ക് വിദേശകാര്യമന്ത്രാലയം മുന്നറിയിപ്പ് നൽകി. സ്ഥിതിഗതികൾ ശാന്തമാകുന്നതുവരെ നേപ്പാളിലെ ഇന്ത്യൻ പൗരന്മാർ നിലവിലെ താമസ സ്ഥലങ്ങളിൽ തുടരണമെന്നും തെരുവുകളിൽ ഇറങ്ങുന്നത് ഒഴിവാക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. വാട്ട്സ്ആപ്പ് കോളുകൾക്കായി +977 - 980 860 2881, +977 - 981 032 6134 എന്നീ ഹെൽപ്പ്ലൈൻ നമ്പറുകളിലൂടെ എംബസിയുമായി ബന്ധപ്പെടാനാകും. പൗരന്മാർക്ക് helpdesk.eoiktm@gmail.com എന്ന

ഇമെയിൽ വിലാസത്തിലൂടെയും എംബസിയുടെ സഹായം തേടാം.

ന്യൂസ്ഡെസ്ക്, ആകാശവാണി......

❁❁❁❁❁❁❁❁❁❁❁❁❁

## FRANCE PROTEST

ഫ്രാൻസിൽ പ്രസിഡന്റ് ഇമാനുവേൽ മാക്രോനും സർക്കാരിനുമെതിരെ ദേശവ്യാപക പ്രതിഷേധം തുടരുന്നു. പ്രസിഡന്റ് മാക്രോന്റെ വിശ്വസ്തനായ സെബാസ്റ്റ്യൻ ലെക്കോർന്യൂ പ്രധാനമന്ത്രിയായി നിയമിതനായതിന് പിന്നാലെയാണ് പ്രതിഷേധങ്ങൾ ആരംഭിച്ചത്. ഏകദേശം 200 ലേറെ പേർ അറസ്റ്റിലായി. ആയിരക്കണക്കിന് ജനങ്ങളാണ് പ്രതിഷേധവുമായി നിരത്തിലിറങ്ങിയത്. ക്രമസമാധാന നില സംരക്ഷിക്കുന്നതിന് 80,000 പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## GST-MRP

ജിഎസ്ടി നിരക്കുകളിലെ കുറവ് അനുസരിച്ച് പരമാവധി വില്പന വിലയിലുണ്ടാകുന്ന മാറ്റം സ്റ്റാേക്കുകളിൽ പ്രദർശിപ്പക്കണമെന്ന് ഉപഭോക്തൃ കാര്യ മന്ത്രാലയം.

സ്റ്റാമ്പ് ചെയ്തോ, സ്റ്റിക്കറുകൾ ഉപയോഗിച്ചോ, ഓൺലൈൻ പ്രിന്റിംഗ് ഉപയോഗിച്ചോ കമ്പനികൾക്ക് പഴയ സ്റ്റോക്കിൽ എംആർപി പരിഷ്കരിക്കാം.

നിർമ്മാതാക്കളും പാക്കറുകളും പത്രങ്ങളിൽ കുറഞ്ഞത് രണ്ട് പൊതു പരസ്യങ്ങളെങ്കിലും നൽകുകയും വില പരിഷ്കരണത്തെക്കുറിച്ച് ലീഗൽ മെട്രോളജി അധികാരികളെ അറിയിക്കുകയും വേണം.

☸☸☸☸☸☸☸☸☸☸☸☸☸

## GST REFORMS- EDUCATION -

രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്കും ഏറെ പ്രയോജനപ്പെടുന്ന പുതു തലമുറ പരിഷ്കാരങ്ങളാണ് ഈ മാസം മൂന്നിന് ചേർന്ന ജി എസ് ടി കൗൺസിൽ യോഗത്തിൽ പ്രഖ്യാപിച്ചത്. സ്റ്റേഷനറി വസ്തുക്കളെ ജി

എസ് ടിയിൽ നിന്ന് ഒഴിവാക്കിയത് മേഖലയ്ക്ക് ഗുണകരമാകും. പെൻസിൽ, ക്രയോൺസ്, ഗ്രാഫ് ബുക്ക്, ഭൂപടം, ചാർട്ട് തുടങ്ങിയവയുടെ ജി എസ് ടി നിരക്ക് 12 ശതമാനമായിരുന്നു. ഇത് പൂർണമായി ഒഴിവാക്കിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**ASIA CUP CRICKET**

ഏഷ്യാ കപ്പ് ട
ന്റി -20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് യുഎഇയെ നേരിടും. ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. ഇന്നലെ നടന്ന ഉദ്ഘാടന മത്സരത്തിൽ ഹോങ്കോങ്ങിനെതിരെ അഫ്ഗാനിസ്ഥാൻ 94 റൺസിന്റെ ഉജ്ജ്വല ജയം നേടി. സെപ്റ്റംബർ 28 വരെ നടക്കുന്ന ടൂർണമെന്റിൽ എട്ടു ടീമുകളാണ് പങ്കെടുക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

**AMOEBIC**

കേരളത്തിൽ രണ്ട് പേർക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്തു.

മലപ്പുറം സ്വദേശിയായ പത്ത് വയസ്സ് ഉള്ള കുട്ടിക്കും കോഴിക്കോട് സ്വദേശിക്കുമാണ് പുതുതായി രോഗം സ്ഥിരീകരിച്ചത്. നിലവിൽ 11 പേരാണ് ചികിൽസയിലുള്ളത്.

## ECI-VP ELECTION

ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പ് പ്രക്രിയ മികച്ച രീതിയിൽ നടത്തിയതിന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ഉദ്യോഗസ്ഥരെ അഭിനന്ദിച്ചു. ആഗസ്റ്റ് ഏഴിന് ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിച്ചതു മുതൽ ആരംഭിച്ച നടപടികൾ മികച്ച രീതിയിൽ പൂർത്തിയാക്കാൻ സാധിച്ചു. ഉപരാഷ്ട്രപതിയായി എൻ.ഡി.എ സ്ഥാനാർത്ഥി സി.പി.രാധാകൃഷ്ണൻ വിജയിച്ച സർട്ടിഫിക്കറ്റ് ഇന്ന് ഒപ്പു വച്ചതോടെ തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയായതായി കമ്മീഷൻ അറിയിച്ചു.